# കാർഷിക കാലാവസ്ഥ ബുള്ളറ്റിൻ - പത്തനംത്തിട്ട ജില്ല

(ദക്ഷിണ മേഖലാ കാർഷിക ഗവേഷണകേന്ദ്രം വെള്ളായണിയും, ഭാരതീയ കാലാവസ്ഥവകുപ്പും സംയുക്തമായിനൽകുന്നത്)

നമ്പർ:TVM-AAS-60/2024 തീയ്യതി: 26.07.2024

## അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥ പ്രവചനം

| Weather parameters | 27/07/2024 | 28/07/2024 | 29/07/2024 | 30/07/2024 | 31/07/2024 |
|---|---|---|---|---|---|
| മഴ (മില്ലി. മീറ്റർ) | 12 | 8 | 15 | 7 | 9 |
| ഉയർന്ന താപനില (°C) | 33 | 33 | 33 | 33 | 33 |
| കുറഞ്ഞ താപനില(°C) | 24 | 24 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 85 | 90 | 95 | 95 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത(%) | 75 | 75 | 77 | 74 | 80 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ /മണിക്കൂർ) | 8 | 8 | 10 | 9 | 8 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 290 | 290 | 290 | 290 | 290 |
| മേഘവ്യപ്തി (ഒക്ട്സ) | 8 | 8 | 8 | 8 | 7 |

| | |
|---|---|
| കാലാവസ്ഥസംഗ്രഹം /അലേർട്ട് | ജില്ലയിൽഒറ്റപ്പെട്ടസ്ഥലങ്ങളിൽ നേരിയതും മിതമായതുമായ മഴയ്ക്ക്സാധ്യതയുണ്ട്. കേരളത്തിൽസാധാരണയിലും കൂടുതൽ മഴയ്ക്ക്സാധ്യത. |
| പൊതു നിർദ്ദേശങ്ങൾ | വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നീർവാർച്ചാസൗകര്യങ്ങൾ ഉറപ്പുവരുത്തുക. വാഴകൾക്ക് താങ്ങുകാലുകൾ നൽകുക.പച്ചക്കറി പന്തലുകൾ ബലപ്പെടുത്തുക.മഴയില്ലാത്ത സമയത്ത്മാത്രം കീടനാശിനി പ്രയോഗം നടത്തുക. |

## കാർഷിക നിർദ്ദേശങ്ങള്

| വിളകൾ | രോഗ-കീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് | ഓലചുരുട്ടിപ്പുഴു | നെല്ലിൽ ഓലചുരുട്ടിപ്പുഴുവിനെ കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കുന്നതിനായി ഒരു ഏക്കർ പാടശേഖരത്തിന് 2 സി.സി. ട്രൈക്കോഗ്രമ്മ കാർഡ് ചെറുകഷ്ണങ്ങളായി മുറിച്ചു വയലിന്റെ പലഭാഗത്ത് ഓലയുടെ അടി ഭാഗത്തായി കുത്തിവെക്കുക. അല്ലെങ്കിൽ 3 മില്ലി ക്ലോറാൻട്രാനിലിപ്രോൾ 1 ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു തളിക്കുക. |
| തെങ്ങ് | ഇല കരിച്ചിൽ | ഓലകളിൽ തവിട്ടു നിറത്തിലുള്ള പൊട്ടുകൾ കാണുന്നു. രോഗം രൂക്ഷമാകുമ്പോൾ ഓലകൾ കരിയുന്നു. തെങ്ങിന്റെ മണ്ടയിൽ 1% വീര്യമുള്ള ബോർഡോ മിശ്രിതം അഥവാ പ്രൊപ്പികൊണസോൾ 2 മിലി/ലി തളിക്കുക. |
| പച്ചക്കറി (വഴുതന) | ബാക്റ്റീരിയൽ വാട്ടം | ബാക്റ്റീരിയൽ വാട്ടരോഗം കാണാൻ സാധ്യതയുണ്ട് ഇതിനെ നിയന്ത്രിക്കാൻ സ്ട്രെപ്റ്റോസൈക്ലിൻ 0.5ഗ്രാം / ലിറ്റർ എന്നതോതിലോ അല്ലെങ്കിൽ സ്യൂഡോമോണാസ് 20ഗ്രാം / ലിറ്റർ എന്നതോതിൽ ഒരു കിലോ വിത്തിനെ പരിചരിക്കുക. രോഗനിർണയിത്തിനായി തണ്ടു മുറിച്ച് തുറക്കുമ്പോൾ, ചെടിയുടെ വാസ്കുലർ ടിഷ്യുവിനെ കോളനി ചെയ്യുന്ന ബാക്ടീരിയകൾ കാരണം, ആന്തരിക നിറ വ്യത്യാസം കാണാൻ കഴിയും. രോഗബാധയുള്ള തണ്ട് മുറിച്ചു, കഷണങ്ങൾ |

| | | | | |
|---|---|---|---|---|
| | | | വെള്ളത്തിൽമുക്കിയാൽ വെളുത്ത പാൽ പോലെയുള്ള ബാക്ടീരിയയുടെ സ്രവം കാണാൻ കഴിയും. | |
| | മൃഗസംരക്ഷണം | കൊതുക് മുട്ടയിട്ട് പെരുകുന്നത് തടയാൻ തൊഴുത്തും പരിസരവും വൃത്തിയായി വെയ്ക്കുവാനും വെള്ളക്കെട്ട് ഇല്ലാതിരിക്കാനും ശ്രദ്ധിക്കുക ചാണക കുഴികളിൽ മഴ നേരിട്ട് വീഴാതെ മൂടി വെക്കുക. | | |